


**GHSS CHALISSERY**
**PALAKKAD**

**email Id: littlekites20001@gmail.com**
**Unit no. LK/2018/20001**

# ഉള്ളടക്കം


| | |
|---|---|
| 02 | എഡിറ്റോറിയൽ /home/santhosh/Desktop/DM PDF/2editoriyal.pdf |
| 03 | സന്ദേശം പ്രധാനദ്ധ്യാപിക /home/santhosh/Desktop/DM PDF/3MSGBY HM.pdf |
| 04 | സന്ദേശം പ്രിൻസിപ്പാൾ/home/santhosh/Desktop/DM PDF/4MESSAGE BY PRINCIPAL.pdf |
| 05 | സന്ദേശം പി.ടി.എ പ്രസിഡന്റ് /home/santhosh/Desktop/DM PDF/5message by pta.pdf |
| 06 | കടങ്കഥകൾ /home/santhosh/Desktop/DM PDF/6Anjana v s 6b.pdf |
| 07 | Life's Aims /home/santhosh/Desktop/DM PDF/7AL-AMEEN.pdf |
| 08 | കേരളം /home/santhosh/Desktop/DM PDF/8ashwin a v.pdf |
| 09 | മലയാളി മനം/home/santhosh/Desktop/DM PDF/9Athullya t s 7c.pdf |
| 10 | Beauty of Nature /home/santhosh/Desktop/DM PDF/10BEAUTY OF NATURE.pdf |
| 11 | ദേശഭക്തിഗാനം/home/santhosh/Desktop/DM PDF/11desabhakhiganam.pdf |
| 12 | കേരളം /home/santhosh/Desktop/DM PDF/12Devikrishna.pdf |
| 13 | Teacher, Mother, Father/home/santhosh/Desktop/DM PDF/13digimagzine1.pdf |
| 14 | അമ്മ /home/santhosh/Desktop/DM PDF/14gokul1.pdf |
| 15 | Hare and Tortoise/home/santhosh/Desktop/DM PDF/15jasna sherin vll A.pdf |
| 16 | അതിജീവനം 2018/home/santhosh/Desktop/DM PDF/16magazine MISIRIYA.pdf |
| 17 | Save Fuel/home/santhosh/Desktop/DM PDF/17MUHAMMED MUSTAFA.pdf |

18 Importance of Music/home/santhosh/Desktop/DM PDF/18MUSIC.  NIRANJANA.pdf

19 അമ്പിളിമാമൻ/home/santhosh/Desktop/DM PDF/19nasrin fathima 6E.pdf

20 സംസ്കാരത്തിന്റെ കളിത്തൊട്ടിൽ/home/santhosh/Desktop/DM PDF/20nishan.k1.pdf

21 പപ്പടം /home/santhosh/Desktop/DM PDF/21pappadam.pdf

22 സ്കൂൾ ലൈഫ്/home/santhosh/Desktop/DM PDF/22parvathy,sreya,nafa nazrin,fathima riya.pdf

23 താരാട്ട് /home/santhosh/Desktop/DM PDF/23Riya nasin .pdf

24 ദുഃഖിയുടെ ദുഃഖിതം/home/santhosh/Desktop/DM PDF/24SEENA RADAS.pdf

25 താക്കോൽ/home/santhosh/Desktop/DM PDF/25nishan.pdf

26 കഥ /home/santhosh/Desktop/DM PDF/26sivanandhana 5c.pdf

27 അരങ്ങുണരുന്ന ജീവിതം/home/santhosh/Desktop/DM PDF/27Sooryanadh P B 7 f1.pdf

28 ജലം /home/santhosh/Desktop/DM PDF/28sreelakshmi.pdf

29 कष्णस्य चपलस्वभभावव/home/santhosh/Desktop/DM PDF/29story. sitharabasheer . 9. B.pdf

30 പരീക്ഷാ ഒരു പരീക്ഷണം തന്നെ/home/santhosh/Desktop/DM PDF/30seena tr,.pdf

31 School Life/home/santhosh/Desktop/DM PDF/31Untitled 1.pdf

32 എന്റെ നാട്/home/santhosh/Desktop/DM PDF/32Untitled 12.pdf

33 വിദ്യാലയം/home/santhosh/Desktop/DM PDF/33vidyalayam.pdf

34 കട്ടൻ ചായ/home/santhosh/Desktop/DM PDF/34 കട്ടൻ ചായ-WPS Office.pdf

35 അമ്മ /home/santhosh/Desktop/DM PDF/35 പാർവതി പി ഫാത്തിം റിയ എം . എ.pdf

36 മഴ പറഞ്ഞത്/home/santhosh/Desktop/DM PDF/36 മഴ പറഞ്ഞത്.pdf

37 വ്യാകുലതകൾ/home/santhosh/Desktop/DM PDF/37 വ്യാകുലതകൾ.pdf

38 കൂട് /home/santhosh/Desktop/DM PDF/38 സാം മാത്യു വിൽസൺ.pdf

39 വീട് /home/santhosh/Desktop/DM PDF/39 സാം മാത്യു വിൽസൺ - 2 .pdf

40 കുട്ടികളുടെ സൃഷ്ടികൾ/home/santhosh/Desktop/DM PDF/40 കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ.pdf
/home/santhosh/Desktop/DM PDF/41students drawing.pdf

/home/santhosh/Desktop/DM PDF/42students drawing1.pdf

/home/santhosh/Desktop/DM PDF/43students drawing.pdf

എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ ലിറ്റിൽകൈറ്റ് എന്ന പേരിൽ കുട്ടികൾക്കായി ഒരു ഐ.ടി ക്ലബ്ബ് തുടങ്ങിയിട്ടുണ്ട്. ഹൈടേക് ക്ലാസ്സുമുറികളുടെ സംരക്ഷണച്ചുമതല ഈ കൊച്ചുകൂട്ടുകാർക്കാണ്. കുട്ടികളിൽ വിവരസാങ്കേതികവിദ്യയിൽ താൽപര്യവും പ്രാവീണ്യവും വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ പ്രധാനലക്ഷ്യം ചാലിശ്ശേരി ഗവ.ഹയർസെക്കന്ററിവിദ്യാലയത്തിലെ ആദ്യബാച്ചിലെ കുട്ടികളുടെ നേതൃത്വത്തിൽ ഒരു ഈ മാഗസിൻ തയ്യാറാക്കുവാൻ തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റിന്റെ അധ്യാപകരായ സന്തോഷ് മാഷ് സ്മിതടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തു. **ഇ@വിരൽ**എന്ന പേരിൽ അതിവിടെ പ്രകാശനം ചെയ്യപ്പെടുകയാണ്.

നമ്മുടെ വിദ്യാലയത്തിന്റെ മികവുകൾ പുറംലോകത്തെത്തിക്കാനും, കുട്ടികളിലുറങ്ങിക്കിടക്കുന്ന സർഗസവാസനകളെ പുറത്തെടുക്കാനും ഈ ഡിജിറ്റൽ മാഗസിനിലൂടെ സാധിക്കും എന്നാണ് വിശ്വാസം. കുട്ടികളുടെ കഥ, കവിത, ചിത്രങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. വിദ്യാലയത്തിന്റെ ഈ വർഷത്തെ മികവുകളെക്കുറിച്ചുള്ള ഒരു ചിത്രം നമുക്കിതിൽ നിന്നും ലഭിക്കും.

ലിറ്റിൽകൈറ്റിന്റെ കുട്ടികൾ മാത്രമല്ല വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളുടേയും സഹകരണം ഈ മാഗസിന് ലഭിച്ചിട്ടുണ്ട്. ഇതിനു പ്രോത്സാഹനം നല്കുന്ന പി.ടി.എ. പ്രസിഡന്റ്, പ്രിൻസിപ്പാൾ, പ്രധാനാധ്യാപിക, വിദ്യാലയത്തിലെ മറ്റ് അധ്യാപകർ എന്നിവരും ഇതിന്റെ വിജയത്തിന് പ്രധാനഘടകമാണ്.

ഇ- വായന സാർവത്രികമായിരിക്കുന്ന ഈ അവസരത്തിൽ അതിന്റെ പ്രാധാന്യം കുട്ടികളിലേക്കെത്തിക്കാൻ **ഇ@വിരൽ** എന്ന നമ്മുടെ മാഗസിന് സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇതിന് സഹകരിച്ച എല്ലാ നല്ല മനസുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചുകൊണ്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.

Editer

## സന്ദേശം

"വിജ്ഞാനം വിരൽത്തുമ്പിൽ കൊണ്ടു നടക്കുന്ന
കുഞ്ഞുപട്ടങ്ങൾ വാനിൽ ഉയർന്ന് പറക്കട്ടെ"

Head mistress
GHSS CHALISSERY

# സന്ദേശം

ചോക്കും ബോർഡും വാക്കുകളും വരകളും ബോർഡിൽ കാണുന്നതെന്തോ അതാണ് ശരി.അദ്ധ്യാപകന്റെ മേന്മകളും പരിമിതികളും അതേപടി കുട്ടികളിലേക്കെത്തിച്ചിരുന്ന പഠനകാലം മാറുന്നു.ദൃശ്യ ശ്രാവ്യ മാധ്യമത്തിലൂടെ എല്ലാം വിരൽത്തുമ്പിലേക്ക് അറിവിന്റെ വർണ്ണ വിസ്മയ പ്രപഞ്ചം കുട്ടികളിലേക്കെത്തിക്കുന്നത് വഴി ചിന്തയുടെ അനന്തമായ സ്വതന്ത്ര വിഹായസിലേക്ക് പട്ടം പോലെ പറന്നുയരാൻ അവർക്ക് കഴിയട്ടേ.

/home/santhosh/Desktop/digital magazine - copy/new worked magazine/WhatsApp Ptt 2019-01-17 at 2.04.44 AM.ogg

PRINCIPAL
GHSS CHALISSERY

# സന്ദേശം

ചാലിശ്ശേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ  ഇ @ വിരൽ എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

കല, വിദ്യാഭ്യാസം, സംസ്കാരം എന്നീ വിഷയങ്ങൾ , ഗുണപരമായ കാഴ്ചപ്പാടിൽ പുതിയ സൃഷ്ടികൾ ഉണ്ടാവട്ടെ എന്നും, ഈ മാഗസിൻ നമ്മുടെ വിദ്യാലയത്തിലും പൊതുജനങ്ങൾക്കും ഏറെ ഉപകാരപ്രദമാകട്ടെ എന്നും ആശംസിക്കുന്നു

/home/santhosh/Desktop/digital magazine latest/new worked magazine/Default Project.avi

P T A  President
GHSS Chalissery

## കടങ്കഥകൾ

1 അകമില്ലാ പുറമില്ലാ ഞെട്ടിയില്ലാ വട്ടയില

**പപ്പടം**

2 അകത്ത് തിരി തെറുത്തു പുറത്തു മുട്ടയിട്ടു

**കുരുമുളക്**

3 അടയുടെ മുമ്പിൽ പെരുമ്പട

**തേനീച്ചക്കൂട്**

4 അടയ്ക്കും തുറയ്ക്കും കിങ്ങിണി പത്തായം

**കണ്ണ്**

5 അടി പാറ,നടു വടി,മീതെ കുട

**ചേന**

6 അടുക്കള കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ

**അടുപ്പ്**

7 അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാൽ

**ചിരവ**

8 അമ്മ കൊലുന്നനെ മകൻ കുരുന്നനെ

**കവുങ്ങ്**

9 അമ്മയെ തൊട്ട മകൻ വെന്തുമരിച്ചു

**തീപ്പെട്ടി**

10 അമ്മയ്ക്ക് വാലില്ല മക്കൾക്ക് വാലുണ്ട്

**തവള**

1. നിത്യവും കുളിക്കും ഞാൻ മഞ്ഞളിൽ നീരാടും ഞാൻ എന്നിട്ടു ഞാൻ കാക്കയെ പൊലെ ഞാൻ

**അമ്മി**

2. താനെ വന്നു താനേ പോയി വന്നപ്പോൾ

വെളിച്ചം പോയപ്പോൾ ഇരുട്ട്

**സൂര്യൻ**

3. നാലുമണിക്ക് മിഴിതുറക്കും പൊന്നോമന

**നാലുമണി പൂവ്**

4. നാഴി നിറയെ മുല്ലമുട്ട്

**പല്ല്**

5. തിന്നില്ല കുടിക്കില്ല തല്ലിയാൽ കരയും

**ചെണ്ട**

6. മണ്ണിൽ മുളക്കാതെ മരത്തിൽ പടർന്നു

**ചിതൽ**

7. കിട്ടാൻ വിഷമം കളയാൻ എളുപ്പം

**സൽപ്പേര്**

Anjana v.s

VI B

# LIFE'S AIMS

Life is a 'boat'.
Anyone can control with love
And anyone can destroy with un love
Life has somany aims
The life is not a thing to born and die
The aims comes more and more
When we finish one aim we want
Complete another aim.
The aims has somany problems
But we want to win like blossoms
We want to try and try we want
Try and try when we try god will
Also help us.
When the aims are filled
The life that on wards s succes fulled

- AL-ameen.K.S VII-F



# കേരളം

നമ്മുടെ സംസ്ഥാനമാണ് കേരളം. ദൈവത്തിന്റ സ്വന്തം നാട് എന്ന് കേരളത്തെ വിശേഷിപ്പിക്കുന്നു. പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമായ നാടാണ് കേരളം. കേരളത്തിന്റ വിസ്തീർണം 38863 ചതുരശ്ര സെൻമീറ്ററാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ വിസ്ത്തീർണത്തിന്റെ അടിസ്ഥാനത്തിൽ കേരളം 22-ാം സ്ഥാനത്താണ്. കേരളത്തിന്റ അതിർത്തികൾ, പടിഞ്ഞാറ് അറബിക്കടൽ, വടക്ക് കിഴക്ക് കർണാടകം, കിഴക്ക് തെക്ക് തമിഴ്നാട് എന്നിങ്ങനെയാണ്. കേരളത്തിന്റ ഔദ്യോഗിക വൃക്ഷം തെങ്ങ്, മൃഗം ആന, പുഷ്പം കണിക്കൊന്ന,പക്ഷി മലമുഴക്കി വേഴാമ്പൽ, എന്നിവയാണ്. കേരളത്തിൽ 44 നദികളുണ്ട്. ഇവയിൽ 41 എണ്ണം പടിഞ്ഞാറോട്ടും 3 എണ്ണം കിഴക്കോട്ടും ഒഴുകുന്നു. കേരളത്തിൽ ഇടനാട്, മലനാട്, തീരപ്രദേശം എന്നിങ്ങനെ 3 ഭൂപ്രകൃതി വിഭാഗങ്ങൾ ഉണ്ട്. കേരളത്തിൽ ആകെ 14 ജില്ലകളാണുള്ളത്. സാക്ഷരതയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനമാണ് കേരളം.

ASHWIN A.V

5 E

# മലയാളി മനം



പ്രളയമാം ഭൂമിയിൽ വരവേറിയ നാളിൽ
മലയാളിയിൽ നീയേറിയ നാളിൽ
രാഗമാം നാളമാം ലയങ്ങൾ മുഴുകിയ കേരള
മാകെ താഴന്നുപോയി ആ നിമിഷം
എത്രയാം വീടുകൾ മൂടി മറഞ്ഞു
എത്രയാം മലയാളി ദുരിതത്തിലായ്
മനസ്സിലെ സൃഷ്ടികൾ എല്ലാം എല്ലാം നഷ്ടമായ്
തീ നാളം ആടിക്കളിക്കുന്ന നേരത്തും
മലയാളികൾ കൈകോർത്തിട്ടും
അന്നതാ അറിയുന്നു മലയാളിയിൽ മനം
ജലമാം സൃഷ്ടിപോൽ മൃതമാണ്
പ്രളയമാം ഭൂമിയിൽ വരവേറിയ നാളിൽ
മലയാളിയിൽ തീയേറിയ നാൾ

അതുല്ല്യ ടി എസ്
VII C

# THE BEAUTY OF THE NATURE

The nature is so beautiful. Human being also the part of the nature. The nature is full of beautiful flowers with gardens. The shelter, air and water and all the things were the gift of the nature. We get enjoyment from nature. Nature is full of beautiful gardens. Nature is a beauty of the world. But now it is going down .Because of the deforestation and many other problems are there like air pollution  water pollution, land pollution, destroying the trees and taking sand from the rivers ect. Its all cause to the destroying of nature .The animals, the birds and the river all of them were so beauty. The nature is were a green dress. We protect the nature.

-Jasna sherin



ദേശ ഭക്തി ഗാനം

ജനകോടികളുടെ ഹൃദയം ഭാരത
ജനനിക്കായി വിളിക്കുന്നു.
ജയ ജയ ജനനി ഭാരതധരണി
ജയ ഗീതങ്ങൾ പാടുന്നു.(2)
ഒന്നാണല്ലോ നമുക്കാകാശം
ഒന്നാണല്ലോ ഭൂതലവും
ഒന്നാണല്ലോ ഭാരതമക്കൾ
ഒന്നാണല്ലോ ഭാരതവും.(2)
നന്മകൾ വെടിയുകയില്ലാ ഞങ്ങൾ
അമ്മെ നിന്നെ മരക്കില്ലാ
പോരിനു വേണ്ടി പണ്ടും നമ്മൾ
ചോര കൊടക്കാൻ മടിയില്ലാ......(2)
അമലെ ഭാരതമാതേ ഉണരുക
ഹിമഗിരി മുതൽ കടലലയോളം
നില നിന്നീടുക നിത്യം സൂര്യൻ
നിറ കതിർ ചൊരിയും നാളോളം.(2)

(ജനകോടി)

-അശ്വതി  V E


# കേരളം

കേരളം കേരളം എന്റെ കേരളം
നന്മയാർന്ന കേരളം ഭംഗിയുള്ള കേരളം
മലകളും പുഴകളും ഉള്ള കേരള്ളം
കലകളും സ്നേഹവും ഉള്ള കേരളം
ഓണവും ,തെയ്യവും ,പൂരവും ഉണ്ട്
കാവടിയും, ആനയും, കുടയുമുണ്ട്
ഒരുമയാർന്ന കേരളം ഒത്തുചേർന്ന കേരളം
കേരളത്തിൽ നമ്മെല്ലാം ഒത്തൊരുമിക്കണം
കേരളം കേരളം എന്റെ കേരളം

Devi krishna

-Devikrishna.C.A
VI.E

Teacher you are great
Each of us love you
And we proud of you!
Care us,chat with us
Hear our problem
Each one of us love you
Refill our heart will love





Mother,you are caring us
Our real hero
Teach good lessons this is
the happiest moment ever
Every problems you are
solving refill heart with love

Father,you are a great
And you are the person
with all good things.
Telling truth, teaching truth
Hero of ours.......
Every child love his "FATHER".....and
Riding a boat with full of love......



Riya .P.K
Pavithra.K

# അ
# മ്മ



അടുപ്പിലെ കനലുകൾ എരിയുമ്പോൾ
ആരോരും അറിയാതെ എരിയുന്ന
കനവുകൾ അമ്മതൻ  നെഞ്ചിലെ
സ്നേഹത്തിൻ കനവുകൾ
കണ്ണീർ മഴയിൽ ചിരിയുടെ
നിഴലിൽ ദുഃഖം മറയ്ക്കുന്നു
അമ്മ ഉയർത്തുന്ന കല്ലിന്
ഭാരമുണ്ട്
നാം  അറിയാതെ പോകുന്നു എന്നും
അമ്മതൻ സ്നേഹത്തിൻ പൂക്കൾ
പറിക്കുമ്പോൾ,പിഴുതെറിയരുതെ
ആ പൂവിന്റെ ഇതളുകൾ



# THE HARE AND THE TORTOISE

Once,a tortoise was walking through the forest.He was enjoying the warm sun and fresh air soon, a here came hopping through the wood towards him.

The hare said,"I'm sure no one moves as slowly as you!”The tortoise did not like it.He said,"Let's have a rase to see who is faster”

“you must be joking!”said the hare.He said, "All right,let's have a race.Let's see who can reach the top of that hill first” The hare quickly startad off.



The tortoise was left far behind.
After some time,the hare stopped to take rest.
He waited for the tortoise fo come along.
As he waited he felt sleepy."I'll take a little nap,
”He was very sure of himself.The hare lay down
under a shady tree and close his eye.
He was soon fast asleep.

The tortoise walked slowly and steadily.
He just wanted to do his best in the race.
He passed right by the sleeping hare.
Slowly he climbed the hill.When the hare awoke,
he saw that the tortoise was near the finish line!
The hare ran as fast sa he could.But he could not reach
before the tortoise.So the tortoise won the race.

Jasna sherin



## കേരളം

മിസിരിയ ഇ.വി
VII C

കേരളം എന്നൊരു നാട്ടിൽ
ഒരു പ്രളയം വന്ന് ക്രൂടീ...
ഇന്ന് കേരളത്തിൽ ജനങ്ങൾ
നേരിടുന്ന ദുരിതങ്ങൾ വന്ന്
ക്രൂടീ...
കേരളത്തിൽ ഇന്ന് ജനങ്ങളുടെ
നാശനഷ്ടങ്ങൾ വന്ന് കൂടീ...
പ്രളയം വന്ന നാളിൽ
കേരളം ആകെ മുങ്ങീ...




മനുഷ്യരെ രക്ഷിക്കാനായി
ആൾക്കാർ വന്നു കൂടീ...
പ്രളയത്തിൽ മുങ്ങിയമരെ
ജനങ്ങൾ
കൈപിടിച്ച് വഞ്ചിയിൽ
കയറ്റി...
പ്രളയത്തിൽ മുങ്ങിയവരെ
ജനങ്ങൾ
കൈകോർത്ത് കൈയ്യിൽ
പിടിച്ചു...

SAVE FUEL

Fuel,a natural resource,used for various purposes . Although,it is prominent around the world . It has as well as demerits. Hence we require solutions.

William Robert Grove was founder of fuel. Fuel produces useful energy when it undergoes a chemical or nuclear reaction. Coal,wood,oil,petrol or gas provide energy when it burns so we consider them as fuels. Woods are the one of the first fuels used by humans. There are more examples of fuels around us LPG,Petrol,cow dung,etc.are they.

In my views,fuels are gaining dominance over the world. And we need fuels to produce buildings, for transportation ,and to cook and for also so much needs. Even though electricity has adopted a source of energy, we still need fuels to produce electricity .In fact, we depend on fuels to live.

But as it is useful , it badly effects to the nature. It causes air pollution there by cause diseases. In majorly it leads to Global Warming. As it is injurious to the health of people, it effects the quality of human resource there by affecting the development of a country too.

Our India also known for the production of various fuels . There are many states in India known for fuel production . The excess use of fuel by people in our country leads our nation economy badly.

If we save fuels we can reduce air pollutions, and regain our health, we can save expense in our daily life, and mainly due to saving fuels reduces the unwanted driving there by decreasing road accident.

So we concerned about fuels, we required solutions. There are many solutions prevailing in some countries. They adopted that regulation on number of vehicles to a person. And we should reduce unwanted travels,use bi-cycles for a short travels ,etc. Let's start preparations to save fuel and save tomorrow's generation. MOHAMMED MUSTAFA, X H

# IMPORTANTS OF MUSIC

Music is a form art. When different kinds of sounds are put together or mixed together to form a new sound which is pleasing to the human beings,it's called MUSIC. Music derived from Greek word Mousike which means the art of muses. We think that Music is just a source of entertainment in our life . Music is the key to creativity. It improves our mind. And it makes our mind with full of creative and innovative. Music makes learning more enjoyable. How? Music is very effective tool for developing the memorizing capability.,We can learn a song very easily than learning our texts or syllabus .This is because our mind enjoy music. Music make our mind full of happiness. It develops our brain and the abilities associated with it .It is advantageous for developing skills in children and also in teaching them. When we use our mind in music that is when when we think about music ,when we try to understand it and makes our mind more creative and a creative mind can create many many ,new and useful discoveries. In overall, music is very beneficial for all of us and should be included in everyone's daily life. one think is ,music helps to wipe out all griefs and sorrows from our mind. In my way,music has also helps to certain emotions whether happy,calm,sad,angry etc..it allow me to safely explore different emotions. Music has enhance and enriched my creativity. music is an important part of our life and fills a need or an urge to create MUSIC.…

Niranjana padmanabhan

IX A

5

# അമ്പിളി മാമൻ

മാമാ മാമാ അമ്പിളി മാമാ
താഴോട്ടേക്കൊന്നിറങ്ങാമോ?
ആകാശത്തെ കാഴ്ചകൾ കാണാൻ
ഞാനും കൂടെ പോന്നോട്ടെ
മിന്നും താരങ്ങൾക്കൊപ്പം മിന്നാൻ
എന്നെ കൂടെ കൂട്ടാമോ?
ആകാശപ്പൊന്നൂഞ്ഞാലിലാടാൻ
എന്നെ കൂടെ ഇരുത്താമോ?
മേഘക്കുട്ടൻ മാരോടൊപ്പം
മഴയായ് ഞാനും പെയ്തോട്ടെ
മാമാ മാമാ അമ്പിളി മാമാ
താഴോട്ടേക്കോന്നിറങ്ങാമോ?

- നസ്റിൻ ഫാത്തിമ-
VI:E

# സംസ്കാരത്തിന്റെ കളിത്തൊട്ടിൽ

മതസൗഹാർദത്തിന്റയും,അറിവിന്റെയും,സംസ്കാരത്തിന്റെയും സുഗന്ധം അലയടിക്കുന്ന കൊച്ചുഗ്രാമമാണ് എന്റെ ഗ്രാമമായ ചാലിശ്ശേരി.ചരിത്രത്തിൽ മായാതെ കിടക്കുന്ന എന്റെ ഗ്രാമം എന്റെ മനസ്സിലും വാനോളം ഉയർന്നതാണ്. പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളുടെ അതിർത്തി നിശ്ചയിക്കുന്ന ഈ ഗ്രാമം മൂന്നു ജില്ലകളുടെയും സംസ്കാരം ഒത്തിണങ്ങിയതാണ്.

മതസൗഹാർദത്തിന്റെ പേരിലാണ് ചാലിശ്ശേരി കേരളത്തിനും,നമുക്കും പരിചിതം. കേരളത്തിലെ പ്രധാനപ്പെട്ട ഒരുത്സവമായ മുലയംപറമ്പത്തുകാവ് മഹോത്സവവും,ചാലിശ്ശേരി പള്ളിപ്പെരുന്നാളും,കൂറ്റനാട് നേർച്ചയും ചാലിശ്ശേരിയുടെ മതസൗഹാർദത്തിന്റെ വേരുകൾ ഊട്ടിയുറപ്പിക്കുന്നു.അഞ്ചു നേരം നമസ്കരിക്കുന്ന മുസൽമാനും,ദിനംതോറും ജീവിതം സമർപ്പിക്കുന്ന കൃസ്ത്യനും,വിശ്വാസം നെഞ്ചിലേറ്റിയ ഓരോ ഹിന്ദുമതസ്ഥനും ചാലിശ്ശേരിയിലെ സകല മംഗളകർമ്മങ്ങളും ഒരുമിച്ച്,സൗഹാർദപരമായി ആഘോഷിക്കുന്നു.

ഭൂമിശാസ്ത്രപരമായും ചാലിശ്ശേരിക്കുണ്ട് ഒട്ടേറെ പ്രത്യേകതകൾ.കണ്ണെത്താ ദൂരത്തോളം പച്ച പുതച്ച്,സ്വർണ്ണം പൂശി,ആടിയുലഞ്ഞ്,ചെരിഞ്ഞ് നിൽക്കുന്ന നെൽവയലുകളും;കണ്ണെത്താ ദൂരത്തോളം അംബരചുംബികളായി തലയുയർത്തിനിൽക്കുന്ന കുന്നുകളും,കള കള നാദം മുഴക്കി ശാന്തമായി ഒഴുകുന്ന കൊച്ചുതോടുകളും ചാലിശ്ശേരിയെ വേറിട്ടു നിർത്തുന്നു. അകലെയൊഴുകുന്ന നിളയുടെ നാദം മാത്രമല്ല,സംഗീതവും ചാലിശ്ശേരിക്കേറെ പ്രിയമാണ്.ഉത്സവരാവിൽ നടക്കുന്ന ഗാനമേളകളും,ഇടക്കിടെ ആഘോഷങ്ങൾക്കിടയിൽ നടക്കുന്ന സംഗീതവിരുന്നും ജനങ്ങൾ നെഞ്ചിലേറ്റുന്നു.

കായികത്തിന്റെ പാരമ്പര്യത്തിലും ചാലിശ്ശേരി ഒട്ടും പുറകിലല്ല.സന്തോഷ്ട്രോഫി ടീമുകളിലേക്കും മറ്റും ഒരുപിടി മികച്ച താരങ്ങളെ ചാലിശ്ശേരി സംഭാവന ചെയ്തിട്ടുണ്ട്. ഫുട്ബോളിനെ നെഞ്ചിലേറ്റുന്ന ഈ ജനത ചാലിശ്ശേരിയിൽ സുലഭമായ ഒട്ടുമിക്ക കളിസ്ഥലങ്ങളും വിനിയോഗിക്കുന്നു.

ചാലിശ്ശേരിക്ക് സ്വന്തമായി ഒരു മിനിസിവിൽ സ്റ്റേഷനുണ്ട്. കൃഷിഭവനും, ഗവൺമെന്റ് ആശുപത്രിയും,ഗ്രാമപഞ്ചായത്ത് കാര്യാലയവും,കായികഓഫീസും,കുടുംബശ്രീ കാന്റീനും അടങ്ങിയ മിനിസിവിൽ സ്റ്റേഷൻ.ഓരോ ഗ്രാമപഞ്ചായത്തിനും ഉത്തമ മാതൃകയാണിത്.

എന്റെ നാട് എന്റെ സ്വന്തം എന്ന് സിരകളിലൊഴുകുന്ന ഒരുപറ്റം യുവാക്കളാണ് ചാലിശ്ശേരിയുടെ ശക്തി.തീവ്ര പ്രളയകാലത്ത് ചാലിശ്ശേരിയുടെ യുവജനങ്ങൾ നൽകിയ സഹായ-സഹകരണങ്ങൾ മറക്കാനാകില്ല.എന്തുകൊണ്ടും മികച്ചു നിൽക്കുന്ന ഈ നാടിനി ഏതൊരു കാലത്തും വളരെ മികച്ചുതന്നെ ചരിത്രത്തിൽ ഇടം പിടിക്കട്ടെ എന്ന് പ്രത്യാശിക്കാം.....

നിഷാൻ.കെ



# പപ്പടം

പപ്പടം പടം പടം സ്വാദുള്ള പപ്പടം
വട്ടത്തിലുള്ള പപ്പടം കണ്ണുള്ള പപ്പടം
അമ്പിളിമാമൻ പോലൊരു പപ്പടം
മഞ്ഞ നിറത്തിൻ പപ്പടം
പപ്പടം പടം പടം സ്വാദുള്ള പപ്പടം

Devikrishna.C.A
VI:E

# സ്ക്രൂൾ ലൈഫ്

Parvathy . p
Sreya, Nafa nazrin, Fathima riya



**സ്ക്രൂൾ ലൈഫ്**

അന്തമുള്ളതുമില്ലാത്തതുമായ പ്രായം-
നാം ചിലവഴിക്കുന്നത് ഒറ്റ സ്ഥലത്ത്
മാത്രം
അതാണ് സ്ക്രൂൾ ലൈഫ്.
പ്രായ ഭേദമന്യേ
ജാതിമതബോധമന്യേ
നാം സൗഹൃദിക്കും
സ്ക്രൂൾ ലൈഫ്.
ജീവിതബന്ധത്തിൽ പൊട്ടാത്തതും
ഓർമകൾ സൂക്ഷിക്കുന്ന ഒരു
കാലം അതാണ്
സ്ക്രൂൾ ലൈഫ്.
സ്നേഹത്തിന്റേതും
സൗഹൃദത്തിന്റേയും ഒരു വലിയ
വാതിലാണ്
സ്ക്രൂൾ ലൈഫ്.
വർണ്ണങ്ങളും പൊടിപടലങ്ങ-
ളുടേയും കാലം
സ്ക്രൂൾ ലൈഫ്.
സ്വർഗ്ഗ കവാടങ്ങൾ പോലെ
തുറന്നു കിടക്കുന്ന ഒരു കാലം
സ്ക്രൂൾ ലൈഫ്.
നമ്മുടെ ജീവിതത്തിൽ പുതുമ
കൊണ്ടുവന്ന ഒരു
സ്ക്രൂൾ ലൈഫ്.
ബാല്യം മുതൽ കൗമാരം വരേ
നാം സ്നേഹിക്കുന്ന കാലമാണ്
സ്ക്രൂൾ ലൈഫ്.
വാർധക്യത്തിൽ നാം ഓർത്തോർത്ത്
കൊതിക്കുന്ന കാലമാണ്
സ്ക്രൂൾ ലൈഫ്.
സൗഹൃദത്തിൻെ പൊട്ടാത്ത
ചരടും മായാത്ത ഓർമ-
കളുമായ നിറഞ്ഞു നിൽക്കുന്ന
ഒരു സുന്ദരകാലം
സ്ക്രൂൾ ലൈഫ്.



# താരാട്ട്

ഓമന മിഴി രണ്ടും പൂട്ടി എൻ -
ഓമനെ നീയൊന്നുറങ്ങ്
കുഞ്ഞിക്കാൽ പിച്ചവെച്ച നടക്കാം നാളെ-
മുല്ലമൊട്ടുകാട്ടി ചിരിക്കാം
ഓടിനടന്ന് നീ വീഴും നേരം അമ്മ-
മാറോട് ചേർത്തുമ്മവെയ്ക്കാം
കൊഞ്ചിപ്പറയും മൊഴിക്കേൾക്കാനമ്മ-
കാതോർത്തെന്നും ഇരിക്കാം
കൈവളരുന്നതും കാൽവളരുന്നതും അമ്മ-
കണ്ണിമ വെട്ടാതെ നോക്കാം
എൻ പൊന്നുമണിയൊന്നുറങ്ങ് അമ്മ-
പുലരോളം താരാട്ടു പാടാം
കിളിനാദം കേട്ടുണരാം പിന്നെ-
നല്ല നാളേയ്ക്കായ് കൺ തുറക്കാം

Riya nasin
V:C

## ദുഃഖിയുടെ ദുഃഖിതം

പതിവു പോലെ നേരത്തെ എണീറ്റു.



കുളിച്ചു പൂജാമുറിയിൽ കയറിവിളക്കുവെച്ചു. ഭഗവാനെ തൊഴുതു. തന്റെ സുഖദുഃഖങ്ങൾ ഭഗവാനോടു പറഞ്ഞു.അവിടെ നിന്നും അടുക്കളയിലേക്ക്. ഒരു യന്ത്രം കണക്കെ അവിടെ നനിന്നുതിരിഞ്ഞു.ആഹാരം തയ്യാർ.

അതിനിടയിൽ ഭർത്താവിന്റെയും മക്കളുടെയും വിളിപ്പുറത്തെത്തണം അവൾ ഒരു ദിവസമെത്ര കിലോമീറ്റർ നടക്കുന്നുണ്ടാകും കൂലിയില്ലാ വേല ചെയ്യുന്നുണ്ടാവും . ആർക്കാണിതൊക്കെ അന്വേഷിക്കാൻ സമയം എല്ലാവരും ബിസിയല്ലെ.

അവൾ ക്ലോക്കിൽ നോക്കി.അയ്യോ സമയം പോയതറിഞ്ഞില്ല . അവൾ ജോലിക്കു പോകുവാൻതയ്യാറായി .ബസ് കയറാൻ ബസ് സ്റ്റോപ്പിലേക്ക് നടന്നു. നടത്തമല്ല. ഓട്ടം . ബസ് കയറിയിറങ്ങി. അടുത്ത ബസ് കയറാനുള്ള നെട്ടോട്ടം മാരത്തോൺ ഓട്ടത്തിൽ പങ്കെടുത്താൽ അവളായിനിക്കും ഒന്നാം സ്ഥാനക്കാരി.

അവൾ ജോലി സ്ഥലത്തെത്തി അവിടെയവൾ അധ്യാപിക. സ്കൂളിലെ കട്ടികളെ നന്മയുടെ പാതയിലേക്കു വഴിതെളിക്കുന്ന വഴികാട്ടി . അമ്മ , ഭാര്യ, അധ്യാപിക അങ്ങനെയെത്രയെത്ര വേഷമണിയണമവൾക്ക് .സ്റ്റാഫ്റൂമിൽ തന്റെ സഹപ്രവർത്തകരുമായി ചെലവഴിക്കുന്ന സമയം .അതവളുടെ ജീവിതത്തിലെ സുന്ദരനിമിഷങ്ങളാണ്.ജോലിസ്ഥലത്തു നിന്നും വീട്ടിൽ തിരിച്ചെത്തിയാൽ അവളൊരു യന്ത്രപാവയായ് മാറും ആടും പാടുംപ്രവർത്തിക്കും പാവ.അവൾ സന്ധ്യാ ദീപം കൊളുത്തിതൊഴുതു. കണ്ണന്റെ പുഞ്ചിരിയിൽ അവളുടെ ദുഃഖം അലിഞ്ഞുപോയി. അവൾ സന്തോഷത്തോടെ അടുക്കളയിലേക്കു നടന്നു. അവിടെ തന്റെ യജ്ഞം ആരംഭിച്ചു . അവസാനിപ്പിച്ചു. എല്ലാവർക്കും ഭക്ഷണം നൽകി പാത്രം കഴുകി കമിഴ്ത്തി വച്ചു . ഹാവൂ നടുവൊന്നു നിവർത്താം . അവൾകിടപ്പു മുറിയിലേക്ക് നടന്നു.അപ്പോഴാണ് ഓർത്തത് എത്രനാളായി പത്രം വായിച്ചിട്ട് . ഇന്നെങ്കിലും പത്രം വായിക്കണം അവൾ പത്രമെടുത്ത് വായിക്കാൻ തുടങ്ങി . അയ്യോ നാളെ കറിക്കുള്ള പച്ചക്കറി അരിഞ്ഞു വച്ചിട്ടില്ല പത്രം മടക്കി വച്ച് അവൾ അടുക്കളയിലേക്ക് നടന്നു .കൂലിയില്ലാ വേലചെയ്യാൻ........

seena teacher
malayalam



# താക്കോൽ



താക്കോൽ........
ജീവിത സന്ധ്യകൾ,വിഴിതിരിക്കുന്ന
താക്കോൽ.......
അകലുന്ന രാവിനും
പിരിയുന്ന പകലിന്നും
വാനമായ് അവതരിക്കുന്നിതാ,
താക്കോൽ........
കരയുന്ന കുഞ്ഞിനും
പിടയുന്ന മർത്യനും
സാന്ത്വനമായ് അരികിലെത്തുന്നൊരു,
താക്കോൽ.....
മർത്യന്റെ മനസ്സിൽ വിഷം കുത്തിവെക്കുന്ന
സിറിഞ്ചായ്,മാറിയോ! ഇന്ന് താക്കോൽ...
എന്റെ ജീവിത വഴിയാണൊര താക്കോൽ...
മുറ്റത്തെ തുളസികതിർ മണമുള്ള
താക്കോൽ..........

-NISHAN

# കഥ

അമ്മുക്കുട്ടി മോളേ.........അമ്മുക്കുട്ടി എഴുന്നേൽക്ക് സ്കൂളിൽ പോകേണ്ടേ? മുത്തശ്ശിയുടെ വിളി കേട്ടാണ് അവൾ ഉണർന്നത്.കണ്ണു തിരുമ്മിക്കൊണ്ട് അവൾ പതിയെ എഴുന്നേറ്റു. മുത്തശ്ശി......അച്ഛനെന്ത്യേ? ഇന്നലെ എപ്പോഴാണ് അച്ഛൻ വന്നത് ? ഇന്നെന്താണ് പലഹാരം എന്നിങ്ങനെ ഒരു നൂറുകൂട്ടം ചോദ്യങ്ങളുമായി അവൾ മുത്തശ്ശിയുടെ അരികിലെത്തി. വാത്സല്യത്തോടെ മുത്തശ്ശി അവളുടെ നെറുകയിൽ ഉമ്മവെച്ചു. അമ്മുക്കുട്ടിക്ക് അമ്മയെ കണ്ട ഓർമ്മ പോലുമില്ല. രണ്ടാം ക്ലാസിൽ പഠിക്കുന്ന അവൾക്കെല്ലാം അവളുടെ മുത്തശ്ശിയും അച്ഛനും മാത്രമാണ്.അച്ഛൻ സുധാകരൻ ഓട്ടോ ഓടിച്ചു കിട്ടുന്ന വരുമാനം കൊണ്ടാണ് അവളുടെ കുടുംബം കഴിയുന്നത്.രാവിലെ അച്ഛനോടൊപ്പം അവൾ സ്കൂളിലേക്ക് പോകും.വൈകുന്നേരം അച്ഛൻ തിരിച്ചു കൊണ്ടുവരും. ചിലപ്പോഴൊക്കെ അച്ഛൻ വളരെ വൈകിയാണ് വീട്ടിലെത്തുക.അപ്പോഴേക്കും അമ്മുക്കുട്ടി ഉറങ്ങിയിട്ടുണ്ടാകും. രാവിലെ ഉണർന്നാൽ ആദ്യം അച്ഛനെ ചോദിക്കും.അച്ഛനെ കണ്ട് കെട്ടിപ്പിടിച്ചൊരുമ്മ അതാണ് പതിവ്. അച്ഛനും അങ്ങനെത്തന്നെ. അമ്മുക്കുട്ടി ഒന്ന് വേഗം റെഡിയാവ്, അച്ഛന് ഒരു ഓട്ടം കിട്ടിയിട്ടുണ്ട്.നിന്നെ സ്കൂളിൽ ആക്കിയിട്ടുവേണം പോകാൻ. ഒന്ന് വേഗം സുധാകരൻ ധൃതിവെച്ചു.മുത്തശ്ശി വേഗം അവളെ അണിയിച്ചൊരുക്കി മുത്തശ്ശിയുടെ സുന്ദരിക്കുട്ടി പോയിട്ടുവാ എന്ന് പറഞ്ഞ് യാത്രയാക്കി.

സ്കൂളിൽ അവൾ അനുമോളാണ്. കൂട്ടുകാരെല്ലാം അനു എന്ന് വിളിക്കും.കൂട്ടുകാരെല്ലാം അവരുടെ അമ്മയെക്കുറിച്ച് പറയുമ്പോൾ അനുമോളുടെ മനസ്സിൽ സങ്കടം നിറയും.അമ്മയെ കാണാൻ ആ കുഞ്ഞുമനസ്സ് പിടയും. എല്ലാവർക്കും അമ്മയുണ്ട്,എനിക്ക് മാത്രം അമ്മയില്ല. എന്റെ അമ്മയെവിടെ, മുത്തശ്ശിയോട് ചോദിക്കണം. അവൾ മനസ്സിൽ തീരുമാനിച്ചു.വൈകുന്നേരം അച്ഛൻ വിളിക്കാനെത്തിയപ്പോൾ അമ്മുക്കുട്ടിയുടെ മുഖം വാടിയിരിക്കുന്നു.എന്തുപറ്റി അച്ഛന്റെ അമ്മുക്കുട്ടിക്ക് സുധാകരൻ ചോദിച്ചു.പക്ഷെ അവൾ ഒന്നും മിണ്ടിയില്ല.ആ കുഞ്ഞുമനസ്സു നിറയെ അവളുടെ അമ്മയെക്കുറിച്ചുള്ള ചിന്തകളാണ്.എന്റെ അമ്മ എവിടെയായിരിക്കും,എന്താണെന്റെ അരികിലില്ലാത്തത് അങ്ങനെ ചിന്തകൾ കാടു കയറുമ്പോൾ വീടെത്തിയത് അവളറിഞ്ഞില്ല. വീട്ടിലെത്തിയ ഉടനെ അവൾ മുത്തശ്ശിയോട് ചോദിച്ചു:മുത്തശ്ശി എന്റെ അമ്മയെവിടെ? എന്താണ് നമ്മുടെ കൂടെ ഇല്ലാത്തത്? എന്ത് പറയണമെന്നറിയാതെ മുത്തശ്ശി മകനെ നോക്കി.ആറു വയസ്സുകാരിയായ ആ കുഞ്ഞിനോടെങ്ങനെ പറയും നിന്റെ അമ്മ

ചീത്തയാണെന്ന്. കവികളും കഥാകാരൻമാരും വേദങ്ങളും പുരാണങ്ങളുമെല്ലാം

അമ്മയെന്ന സ്ത്രീയെക്കുറിച്ച് വാനോളം ഉയർത്തിപ്പറയുമ്പോൾ ഈ കുഞ്ഞിന്റെ മുഖത്തു നോക്കി എങ്ങനെ പറയും നിനക്ക് രണ്ടു വയസ്സ് മാത്രം പ്രായമുള്ളപ്പോൾ നിന്നെയും നിന്റെ അച്ഛനെയും ഉപേക്ഷിച്ച് മറ്റൊരുത്തന്റെ കൂടെ സുഖം തേടി പോയെന്ന്.വേണ്ട...അവൾ മരിക്കട്ടെ,ഇവളുടെ മനസ്സിൽ അവൾ മരിക്കട്ടെ.മുത്തശ്ശി മെല്ലെ പറഞ്ഞു.മോളെ അമ്മുക്കുട്ടി നിന്റെ അമ്മ നമ്മളെ എല്ലാം വിട്ട് ദൈവത്തിന്റെ അടുത്തേക്ക് പോയി.വിങ്ങിപ്പൊട്ടുന്ന മനസ്സോടെ അമ്മുക്കുട്ടി മുത്തശ്ശിയെ കെട്ടിപ്പിടിച്ചു.നിറക്കണ്ണുകളോടെ സുധാകരൻ നോക്കി നിന്നു.

ശിവനന്ദന
5C

# അരങ്ങുണരുന്ന ജീവിതം

പണ്ട് പണ്ട് ഒരു സ്ഥലത്ത് ഒരു അച്ഛനും,അമ്മയും,മകളും താമസിച്ചിരുന്നു.ആ മകളെ താലോലിച്ച് വളർത്തി പഠിപ്പിച്ച് വലുതാക്കി.കല്ല്യാണം കഴിച്ച് വിട്ടു.

അങ്ങനെ സന്തോഷത്തോടെ ഇരിക്കുമ്പോഴാണ് ആ അമ്മക്ക് മാരകമായ രോഗം വന്നത്.അവർക്ക് കാശ് ഉണ്ടായിരുന്നില്ല.അവർ ലോണിന് അപേക്ഷിച്ച് കിട്ടിയില്ല.അങ്ങനെ മകളുടെ അടുത്തേക്ക് പോയി.മകളോട് അച്ഛൻ അസുഖത്തിൻെറ കാര്യം സൂചിപ്പിച്ചു. അസുഖം എന്ന് കേട്ടതോടെ മകളും മരുമകനും കൂടി പറഞ്ഞു"സ്ത്രീധനം തന്നുവെന്ന് കരുതി ഇവിടെ നിക്കാനാണൊ പരിപാടി. പോ എൻെറ വീട്ടിൽ നിന്ന് പോ".

അവർ റോഡരികിലൂടെ നടന്നു പോവുകയായിരുന്നു.ഒരു അംഗവൈകല്യമുള്ളയാൾ വന്നു. അയാൾ തിരുവനന്തപുരത്തെ ഡോക്ടർ ആയിരുന്നു.അയാൾ അച്ഛൻെറ അടുത്ത് പോയി തന്നെ അറിയുമോ എന്ന് ചോദിച്ചു.ഒരു മകന് അംഗവൈകല്ല്യമുണ്ട് എന്ന് പറഞ്ഞ് പത്തു വയസ്സിൽ റോഡിൽ ഉപേക്ഷിച്ചില്ലെ,നിങ്ങളുടെ ആ മകൻ സുരേന്ദ്രനാണ് ഞാൻ. അമ്മക്ക് വലിയ അസുഖമെന്ന് അറിഞ്ഞു.ഞാൻ പണിയെടുക്കുന്ന ഹോസ്പിറ്റലിലാണ് നിങ്ങൾ കാണിച്ചത്.അവിടെ എന്റെ അസിസ്റ്റന്റിന്റെ അടുത്താണ് കാണിച്ചത്.ഞാൻ നിങ്ങളുടെ രോഗം മാറ്റിത്തരാം എന്ന് മകൻ പറഞ്ഞു.

അങ്ങനെ രണ്ടുമാസത്തിന്റെ ഉള്ളിൽ മാറി.അമ്മ പറഞ്ഞു, വാ മകനെ നീ എന്റെ വീട്ടിലേക്ക് വാ......

അവർ അങ്ങനെ സന്തോഷത്തോടെ ജീവിച്ചു.....

സൂര്യനാഥ്.പി.ബി
VII F



# ജലം

പ്രകൃതിയിലെ ഒരു പ്രധാന സംയുക്തമാണ് ജലം.മനുഷ്യൻ തന്റെ പല പ്രവർത്തനമേഖലയിലും ജലത്തിന് സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്.കുടിക്കാൻ,ഭക്ഷണപദാർഥങ്ങൾ പാചകം ചെയ്യാൻ,മറ്റ് വീട്ടാവശ്യങ്ങൾക്കായി,പ്രാഥമിക ആവശ്യങ്ങൾക്ക്,കുളിക്കാൻ,കഴുകാൻ,കൃഷിക്ക്,ജലസേചനം എന്നിവയ്ക്ക് ജലത്തിന്റെ പ്രാധാന്യം വളരെ കൂടുതലാണ്. വ്യവസായം, ഗതാഗതം, ഊർജ്ജോൽപ്പാദനം, മാലിന്യനിർമാർജനം തുടങ്ങിയവയ്ക്കെല്ലാം ജലം ഒരു അത്യാവശ്യമായിത്തീരുന്നു.മനുഷ്യർക്ക് മാത്രമല്ല മറ്റെല്ലാ ജീവജാലങ്ങൾക്കും ജലം ആവശ്യമാണ്.ഇത്രയധികം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മറ്റൊരു വിഭവമുണ്ടോ എന്ന് സംശയമാണ്.മനുഷ്യനിൽ 70%ത്തോളം ജലമാണ്.ജലം നാം നിത്യജീവിതത്തിൽ തണുപ്പിച്ചും ചൂടാക്കിയും ഉപയോഗിക്കുന്നുണ്ട്.സാധാരണഗതിയിൽ തിളപ്പിച്ച് ആറിയ വെള്ളമാണ് ചൂടാകുന്നതും തണുക്കുന്നതും.ദ്രാവകരൂപത്തിലുള്ള ജലത്തെയാണ് നമുക്ക് ഏറെ പരിചിതം.നാം കഴിച്ച ഭക്ഷണപദാർഥങ്ങൾ ദഹിക്കണമെങ്കിൽ ജലം കൂടിയേ തീരൂ.

നമ്മുടെ ശരീരത്തിന്റെ മൂന്നിൽ രണ്ട് ഭാഗം ജലമാണ്.തലച്ചോറിന്റെ85%വും രക്തത്തിന്റെ 90%വും എല്ലുകളുടെ 25%വും ജലമാണ്. ദഹനം ഉൾപ്പെടെയുള്ള ശാരീരിക പ്രവർത്തനങ്ങളുടെ മാധ്യമമായി പ്രവർത്തിക്കുന്നത് ജലമാണ്.മൂത്രം,വിയർപ്പ് മുതലായവയിലൂടെ പ്രതിദിനം 2.5 ലിറ്റർ ശരീരത്തിൽ നിന്നും പുറന്തള്ളപ്പെടുന്നു.അതിനാൽ ധാരാളം ശുദ്ധജലം നാം കുടിക്കേണ്ടിയിരിക്കുന്നു.ജലം ശരീരത്തിൽ ഇല്ലെങ്കിൽ മൂത്രക്കടച്ചിൽ,മൂത്രപ്പഴുപ്പ് തുടങ്ങിയ രോഗങ്ങൾ പിടിപെടും.അതിനാൽ ധാരാളം വെള്ളം കുടിക്കണം.

ജലം അത് മനുഷ്യനെ പോലെ തന്നെ സസ്യവർഗത്തിനും ജീവജാലങ്ങൾക്കും ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണ്.

ശ്രീലക്ഷ്മി
6.B

## कृष्णस्य चपलस्वभावः

एकस्मिन् अरण्ये अमृततुल्येन जलेन सहिता नदी आसीत् । नद्याः प्रवाहधारया पुलकितो$यं ग्रामः । सुन्दरे अस्मिन् देशे एकः चपलः कृष्णः नाम बालः वसति स्म । तस्य गृहे माता, पिता तस्य प्रया पितामही च आसीत् । पितामही प्रतिदिनं तस्मै बह्व्यः उत्तमकथाः तं श्रावयति । सर्वदा तस्मै उपदेशान् ददाति । तस्य गृहस्य समीपे एकः आम्रवृक्षः अस्ति । तस्य शाखायां कावति नाम काकः तस्य पुत्री च अवसतां । एकस्मिन् दिने कावति आहारमन्विष्य अगच्छत् । तत्समये कृष्णः तस्य वृक्षस्य समीपम् आगच्छत् । आम्रवृक्षे सम्पूर्णं फलमासीत् । कृष्णः शिलाघण्डेन फलान् पातयितुं प्रयत्नमकरोत् । तदा काकस्य नीडं कृष्णस्य दृष्टिपदमायातम् । सः शिलाघण्डान् नीडमुद्दिश्य प्रक्षिपत् । काकस्य नीडं भूमौ अपतत् । नीडे विद्यमाना काकपुत्री रोदनमारभत । तश्च्छ्रुत्वा बहवः काकाः तत्रागताः । काकाः कृष्णस्य आक्रमणमारभत । तदा सः धावनमारब्धवान् । काकाः कृष्णस्य पृष्टतः धावितवन्तः । कृष्णः कथञ्चित् गृहं प्राप्तवान् । तस्य माता महानसे कार्यं कुर्वन्ती आसीत् । कृष्णः संवृत्तं सर्वं मात्रे निवेदितवान् । कृष्णः रुदन्नस्ति इति दृष्ट्वा माता तमेवमवदत् । चिन्तामास्तु चपलस्वभावः उत्तमम् न भवति । इतः परम् एवं न करणीयम् ।

किन्तु दिनद्वयानन्तरं सः पुनरपि अन्यस्य काकस्य नीडं भूमौ अपातयत् । पुनरपि काकाः तस्य उपद्रवं कृतवन्तः । अस्मिन्नवसरे तस्य शरीरे व्रणानि सञ्चातानि । पुनरपि मातुः समीपं गत्वा रोदनमारब्धवान् । माता व्रणान् प्रक्षाल्य औषधं लेपितवती । एतत्सर्वं दृष्ट्वा मातामही महानासादागतवती । उपद्रवं करोति चेत् एतदेव फलमिति सा स्मारितवती । मातामह्याः निर्देशालुसारं कृष्णः काकेभ्यः धान्यानि दत्तवान् । ततः परं सः कस्यापि उपद्रवं न कृतवान् । सः उत्तमः भूत्वा अग्रे सर्वेषां प्रियः भूत्वा अग्रे गतवान् ।

SITARA BASHEER. 9. B




പരീക്ഷക്കുള്ള തയ്യാറെടുപ്പ്
കേന്ദ്രം ഉണരുന്നു,
ചോദ്യപേപ്പർ എണ്ണുന്നു,
കെട്ടുന്നു,
പാഡുകൾ നിരത്തുന്നു,
ഉത്തരകടലാസ് വെയ്ക്കുന്നു,
ചോദ്യപേപ്പർ വെയ്ക്കുന്നു,
ഡ്യൂട്ടികൾ ബോർഡിൽ
എഴുതുന്നു,
തിരക്കോടു തിരക്കു തന്നെ !
പരീക്ഷാ ഹാളിൽ പോകുവാൻ
മുന്നറിയിപ്പ് മണി മുഴങ്ങി,
പരീക്ഷാ തയ്യാറെടുപ്പ് -
കേന്ദ്രത്തിൽ
അദ്ധ്യാപകർ വരി വരിയായി
വന്നു നിന്നു
എല്ലാവരും കണ്ണുകളാൽ
ബോർഡിൽ ഡ്യൂട്ടി എഴുതിയതു
പരതി
ഡ്യൂട്ടി ഉള്ളവർ പാഡുമായി
പരീക്ഷാഹാളിലേക്ക്,
റിസർവ്വുകാർക്ക് ആശ്വാസം,
ആനന്ദം.
ചിലർ പരീക്ഷാ ചീഫിന്റെ
ചെവിയിലെന്തോ മന്ത്രിക്കുന്നു,
മണിയടിയാവാം !
പള്ളിമണിയാണോ,
അമ്പലമണിയാണോ ആവോ ?
ആർക്കറിയാം ?
രണ്ടര മണിക്കൂർ പരീക്ഷ-
യെല്ലാവർക്കും കുരിശു തന്നെ .
അതിലും കഷ്ടമായതുണ്ടല്ലോ ?
കലാ കായിക പ്രവൃത്തി
പരിചയം.
അതൊരു ഒന്നാന്തരം പരീക്ഷ
തന്നെ !
പരീക്ഷാ ഹാളിൽ കുട്ടികളെ
കുഴക്കുന്നു,
അദ്ധ്യാപകരെ കുഴക്കുന്നു.
പരീക്ഷാ തയ്യാറെടുപ്പ്
കേന്ദ്രത്തിൽ
എല്ലാമൊരളവിൽ പരുവം
ഹാ ! പരീക്ഷയൊരു പരീക്ഷണം തന്നെ .........

# SCHOOL LIFE





School life is the most memorable moments in our life.It is a memory of moment of happiness.It is the precious moment that change us.It can be enjoyed only once in a life.Teacher,friends,happy and sad moments, punishments,appreciation make our school life colourful.Friendship has a major role in our school life.Succes and failure is experienced firstly in our school life.A person's life starts from school life.School life teachers a lot of lessons that are essential for a successful life. A person studied lot of lessons through the experience of school life.School life teaches us to face challenges boldly. Love and friendship is the key of school life.Value of school life is only known in old age. Unequality is never experienced in school life. A question arises in the mind of all people that"School life or college life is most memorable?”

-Sana fathima,
Jumana mariyam,
Fathima fidha,
Fathimath safa



# എന്റെ നാട്

അതിമനോഹരമായ നാടാണ് എന്റെ നാട്. പച്ച വിരിച്ച കുന്നിൻചെരുവിലാണ് എന്റെനാട്. അവധിക്കാലത്ത് ഞാവൽ പറിക്കാൻ വരുന്ന കുട്ടികൾ, പാടത്ത് വിളഞ്ഞ് നിൽക്കുന്ന നെൽകതിരുകൾ, പല നിറങ്ങളിലുള്ള പൂക്കൾ നിറഞ്ഞ് നിൽക്കുന്ന പൂന്തോട്ടങ്ങൾ,പൂക്കളിൽ തേൻകുടിക്കാൻ പാറിനടക്കുന്ന പൂമ്പാറ്റകൾ ഇതെല്ലാം എന്റെ നാട്ടിലെ രസകരമായ കാഴ്ചയാണ്.

എന്റെ നാട്ടിലെ തെങ്ങിൻതോട്ടവും,വാഴത്തോട്ടവും കാണാൻ എന്ത് ഭംഗിയാണ്. വെള്ളം ഒഴുകിപ്പോകുന്ന തോടുകളും കുന്നിൻചെരുവിലസനലെ പച്ചമരങ്ങളും മരങ്ങളിൽ കൂടുണ്ടാക്കി താമസിക്കുന്ന കിളികളും എല്ലാം കാണുമ്പോൾ എനിക്ക് തോന്നും എന്റെ നാട് സ്വർഗ്ഗമാണെന്ന്. മഴയും,കാറ്റും,വായുവും,സുഗന്ധവും ലഭിക്കുന്ന പ്രദേശം സ്വർഗ്ഗം തന്നെയാണ്. നാടില്ലെങ്കിൽ മനുഷ്യർ ഇല്ല. നാട് നമുക്ക് എന്നും സന്തോഷവും ഉത്സവവുമാണ്.

ശ്രീലക്ഷ്മി
6.B



# എ
# ന്റെ
# വി
# ദ്യാ
# ല
# യം

എൻെറ വിദ്യാലയം
എൻെറ സ്നേഹാലയം

ആദ്യാക്ഷരങ്ങൾ പഠിച്ച
വിദ്യാലയം

കൂട്ടുകാരൊത്ത് കളിച്ച
വിദ്യാലയം

ഗുരുവര്യന്മാർ അറിവ് പകർന്ന
ദേവാലയം

എൻെറ വിദ്യാലയം
എൻെറ സ്നേഹാലയം

- നസ്റിൻ ഫാത്തിമ-
VI:E

അക്ഷരമാലകൾ കോർത്തുവെച്ച
മാലയാണിന്നെന്റെ വിദ്യാലയം
വിദ്യ നുകരുന്ന തേൻകനിയാ-
ണെൻെറ വിദ്യാലയം
സൗഹൃദവും കുസൃതിയും
കൂടി കലർന്ന കടലാസു മഷി-
യാണെൻെറ വിദ്യാലയം
ചെടിയാകുന്ന വിദ്യാർത്ഥിക്ക്
മണ്ണാകുന്ന വിദ്യാലയം
വിദ്യാലയത്തിലെ മാതാ പിതാ-
ക്കളാകുന്ന അധ്യാപകർ
കാലത്തിനു മറവില്ലാത്ത
സ്വർകമാണെൻെറ വിദ്യാലയം
കടൽ തിരമാലകളോളം അനുഭവ-
ങ്ങളാർന്ന അറിവിൻെറ ചിത്ര-
ശലഭങ്ങളാണെൻെറ വിദ്യാലയം
സംസ്കാരത്തിൻെറയുമൊത്തൊരുമ-
യുടയും ഉറവയാണെൻെറ വിദ്യാലയം
ചരിത്രമെന്നും കുറിച്ചിടുന്ന
കുറിപ്പുപുസ്തകങ്ങളാണെന്നുമെ-
ൻെറ ഈ കൊച്ചു സ്വർഗം!

ജുമാന, സഫ, സന,സഫുവ
ഷിംന,ഹിസാന
VIII:A



## കട്ടൻ ചായ

പ്രേമമായിരുന്നു

ഊതി ഊതി ഒന്നു കൊഞ്ചിക്കും

പിന്നെ ചേർത്തു പിടിച്ചൊരുമ്മ

പൊള്ളിയാൽ ഒന്നുകൂടി ലാ ളിച്ചേക്കണം

തരളിതയാവട്ടെ

രാത്രികളിലാണ് പ്രേമം പൂക്കുന്നത്

മഴയുണ്ടേൽ ഗാഢത കൂട്ടും

പൊടിയെന്ന് ഓമനപേരിട്ട് വിളിക്കും

നിന്നോടുള്ള പ്രേമത്താൽ എത്ര രാത്രികളിലാണ്

ഉറക്കം എന്നോട് പിണങ്ങി പോയത്

നീ സോഷ്യലിസ്റ്റായിരുന്നു

അരവയറുകൾക്ക് നീ പകർന്ന ഊർജ്ജം ചെറുതല്ലത്രെ...

Thasleena shahul

10 G


# അ
# മ്മ

" കുട്ടികളുടെ ഏറ്റവും വലിയ കടമ എന്നാൽ സ്വന്തം അമ്മയുടെ മനസ്സ് വേദനിപ്പിക്കാതിരിക്കുക എന്നാണ് "

അമ്മയെന്ന വാക്കാണ് ഈ ലോകത്ത് ഏറ്റവും അർത്ഥമുള്ളത്. വീടിന്റെ അണയാത്ത വിളക്കാണ് അമ്മ. ഏതൊരു കുഞ്ഞ് ജനിച്ചാലും ആദ്യം പറയുന്നത് അമ്മയെന്ന വാക്കാണ് .ഏതൊരു കുട്ടിയുടെയും ഏറ്റവുമടുത്ത കൂട്ടുകാരനാണ് അമ്മ. സ്വന്തം ആഗ്രഹങ്ങളെല്ലാം മാറ്റിവെച്ച് കുട്ടികൾക്കുവേണ്ടി ജീവിക്കുന്ന ഒരു വ്യക്തിയാണ് അമ്മ. കുട്ടികൾക്ക് എന്തുവന്നാലും അത് സഹിക്കാനും അനുഭവിക്കാനും തയ്യാറായി നിൽക്കുന്ന അമ്മ. കുട്ടികൾ ജനിച്ചാൽ അമ്മമാർ കൂടുതൽ പ്രാർത്ഥിക്കുന്നത് അവർക്കുവേണ്ടിയാണ് കുട്ടികൾക്കുവേണ്ടി സ്വന്തം ജീവൻ വരെ കൊടുക്കാനും തയ്യാറായിനിൽക്കുന്ന അമ്മ.' അമ്മ' എന്ന സ്ഥാനം അത് വേറൊരാൾക്കും കൊടുക്കാൻ കഴിയാത്ത സ്ഥാനമാണ്. അമ്മയിലൂടെ ഈ ലോകം മുഴുവൻ നമ്മുക്ക് കാണാൻ കഴിയുന്നു. അമ്മയുടെ മനസ്സാണ് ഏറ്റവും തങ്കപ്പെട്ട മനസ്സ്. സ്വന്തം കുഞ്ഞിന് ഒരു ചെറിയ മുറിവുണ്ടായാൽ അമ്മയുടെ മനസിൽ വലിയ അപകടം സംഭവിച്ച പോലെയാണ് ആദ്യത്തെ, അറിവിന്റെ ഉറവിടം അമ്മ തന്നെയാണ് കുട്ടിയുടെ മനസ്സിന്റെ ഒരു വലിയ സ്ഥാനം തന്നെ സ്വന്തം അമ്മക്ക് ഉള്ളതാണ്....

പാർവതി. പി

ഫാത്തിം റിയ എം.



# മഴ പറഞ്ഞത്

Thasleena shahul X G

പിണങ്ങിപ്പിരിഞ്ഞിട്ടില്ല ഞാൻ
പിറകോട്ടു മാറിയിട്ടേയുള്ളൂ
പറയാതെ പോയതല്ല കൂട്ടരെ
പണ്ടേ പറഞ്ഞതല്ലെ ഞാൻ

ഇടിച്ചിടിച്ച് നിരപ്പാക്കിയ
കുന്നുകൾ മുളക്കട്ടെ വീണ്ടും
വെട്ടി വെട്ടി തരിശാക്കിയ
കാടു കിളിർക്കട്ടെ വീണ്ടും

കൂട്ടു കൂടാൻ ഒരു മരപ്പൊത്ത്
ചേക്കേറാൻ ഒരു മരച്ചില്ല
ബാക്കി വെക്കുമോ നിങ്ങൾ
അന്നു ഞാനെത്തും നിശ്ചയം

പെയ്തിറങ്ങാൻ ഒരിടവുമില്ല
പെയ്തുപോയാൽ പ്രാക്കുമാത്രം
പറയാൻ ആയിരം കാരണങ്ങളുണ്ട്
കേൾക്കാൻ ഒരുകാതുമില്ല

ഒരു കിളികുഞ്ഞിന്റെ സ്വപ്നമായ്
ഒരു പൊടിമീനിന്റെ ശ്വാസമായ്
ഒരു മാൻകിടാവിന്റെ ദാഹമായ് ഒരു
തുമ്പച്ചെടിയുടെ മോഹമായ്

# വ്യാകുലതകൾ

മക്കൾക്ക് വേണ്ടി ഞാൻ കാശ് നേടി
അവരതു കൊണ്ട് ഇംഗ്ലീഷ് നേടി
ഇന്നവർ എന്റെ നേർ
പൊക്കുന്ന കാലിനെ
സ്വപ്നത്തിൽ പോലും എനിക്ക് പേടി
ഊണുമുറക്കുമില്ലാതെ ഞാൻ
നേടിയതൊക്കെ
അവർക്ക് വീതിച്ചു നല്കി
മക്കൾക്ക് ഞാൻ ഭാരമാവാതിരിക്കുവാൻ
വീടൊന്ന് മാത്രം ഞാൻ ബാക്കിയാക്കി
ഈയിടെ ഇവിടെന്നും യോഗം നടക്കുന്നു
ചർച്ചകൾ പലതും നടന്നിടുന്നു
ചർച്ചയിൽ നല്ല പരസ്യം പറയുന്നു
മക്കൾ മരുമക്കൾ വാശിയോടെ
കോച്ചിയിലുണ്ട് വൃദ്ധസദനം ഇപ്പോ
കോഴിക്കോട്ടുണ്ട് സേവാസദനം
കാര്യമെനിക്ക് മനസ്സിലായി എന്റെ
വീടിനുമിന്നവർ നോട്ടമിട്ടു
ജീവന്റെ ജീവനാം എന്റെ മക്കൾ എന്നെ
എങ്ങോ കളയാൻ വെമ്പുന്ന മക്കൾ
തളർച്ചയോടു ഞാൻ ചാരികിടക്കവേ
ചാരുകസേരക്കും മുറുമുറുപ്പ്
അറിയാതെ ഓർത്തു ഞാൻ
പുറകിൽ ഉപേക്ഷിച്ച
യൗവ്വന ജീവീത കാലത്തെയും
അവളൊത്ത് കഴിയേണ്ടയെൻ യൗവ്വന ജീവിതം
മരുഭൂമിയിൽ ഞാനും നഷ്ടമാക്കി
മരണമാസന്നമായ് ഉപദേശമൊന്നെ നി-
നക്കുണ്ടെന്റെ മക്കൾക്ക് നൽകിടുവാൻ
ആയുസ്സും ജീവിതം നഷ്ടമാക്കിട്ടാരും
സമ്പാദിക്കല്ലെ മക്കൾക്ക് വേണ്ടി
അവരെ പടച്ചനീശ്വരനാണെങ്കിൽ
അവർക്കുള്ളതെങ്ങനേം വന്നു ചേരും
മക്കളെ നോക്കോണ്ടെന്നർത്ഥമില്ല
അതിനായ് കളയേണ്ട ജീവിതമെന്നു സാരം
മാതാപിതാക്കൾക്ക്
നന്മചെയ്യാത്തോർക്കില്ല സ്വർഗ്ഗം
എന്ന ദേവവാക്യം

SHYNISHA T S
X G

# കൂട്



ഒരു വ്യാഴാഴ്ച്ച ദിവസം. ജനാലിക്കരികിലെ ഇരിപ്പിടം എനിക്ക് നന്നെ ഇഷ്ടമായി ലഘുയന്ത്രങ്ങളെക്കുറിച്ചുള്ള പഠനത്തിനിടയിൽ എന്റെ കണ്ണുകൾ എപ്പോഴൊ പുറം കാഴ്ചയിൽ ഉടക്കി. അപ്പോഴാണ് ഞാൻ ഒരു കാക്കയെ കണ്ടത്. സ്വന്തം കൂട് ഉണ്ടാക്കാൻ ചുള്ളിക്കമ്പെടുത്ത് പറക്കുന്നു.ഞാൻ മനോഹരമായ കാഴ്ചയിൽ അങ്ങനെ ഇരുന്നു. കാക്ക കമ്പെടുത്ത് പറന്നുപോയി പിന്നെ കാക്കയെ കാണാനില്ല.വീണ്ടും ഞാൻ ക്ലാസ്സിലേക്ക് തിരിച്ച് വന്നു. പഠനകാര്യങ്ങളിൽ മുഴുകി. പിറ്റേന്ന് അസംബ്ലിക്കായി നിൽക്കുമ്പോൾ അഭിനന്ദ് എന്ന കൂട്ടുക്കാരൻ എന്നെ വിളിച്ച് കൈ ചൂണ്ടി തൊട്ടടുത്ത മാവിലേക്ക് കാണിച്ചു.ഹായ് !!! കാക്കക്കൂട്.എനിക്കുണ്ടായ സന്തോഷം പറയാൻ വാക്കുകളില്ല.തിരിഞ്ഞു നടക്കുമ്പോൾ കാക്കക്കൂടും അതിൽ വിരിയാൻ പോകുന്ന കാക്കക്കുഞ്ഞുങ്ങളും മാത്രമായിരുന്നു മനസ്സിൽ.

# വീട്

പാടം നികത്തിയ

മണ്ണിട്ട റോഡിന്റെ

ഓരത്തായി കളിക്കുന്ന കാണുമെൻ കൊച്ചു വീട്

തുമ്പയും തുളസിയും

മുക്കുറ്റി പൂക്കളും

അതിരിട്ടു നിർത്തിയെൻ-

കൊച്ചു വീട്

ചാണകം മെഴുകിയ

മുറ്റത്തായി കാണുന്നു

പഴമകൾ പാകിയ തുളസിത്തറ


കാവും കുളങ്ങളും


മുവാണ്ടൻ മാകളും


തിങ്ങി വിളങ്ങുന്നൊ-


രെന്റെ വീട്

# കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ









# കുട്ടികളുടെ കലാസൃഷ്ടികൾ













# കുട്ടികളുടെ സൃഷ്ടികൾ










# കുട്ടികളുടെ സൃഷ്ടികൾ

